**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2602** **13-02-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ കടമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ 2018-2021 കാലയളവിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സി.എ.ജി. റിപ്പോർട്ടിൽ 2018 മുതൽ ഓരോ വർഷവും കമ്പനി ആവശ്യത്തിലധികം കടമെടുത്തിരുന്നു എന്ന കണ്ടെത്തൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ 2018-2021 കാലയളവിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സി.എ.ജി. കമ്പനിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ അങ്ങനെയൊരു പരാമർശം ഇല്ലായിരുന്നു. എന്നാൽ, 2018-2021 കാലയളവിലെ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ (ഡി.ബി.റ്റി) സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറേറ്റിൽ സി.&എ.ജി നടത്തിയ പരിശോധന റിപ്പോർട്ടിൽ പ്രസ്തുത പരാമർശം ഉൾപ്പെട്ടതിനെ തുടർന്ന് ആയത് പരിശോധിച്ചുവരുന്നുണ്ട്. |
| (ബി) | പെൻഷൻ വിതരണത്തിന് ആവശ്യമായ തുകയെക്കാൾ 4049 കോടി രൂപ അധികമായി 2019-20 കാലയളവിൽ കമ്പനി വായ്പയെടുത്തത്തിന്റെ കാരണം വിശദമാക്കാമോ; | (ബി) | കമ്പനിയുടെ രൂപീകരണ ഉത്തരവ് പ്രകാരം സാമൂഹിക സുരക്ഷാ പെൻഷൻ വിതരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എൻ.എസ്.എ.പി പദ്ധതിയിലൂടെ ലഭിക്കുന്ന വിഹിതം, സംസ്ഥാന ബജറ്റ് വിഹിതം കൂടാതെ പൊതുജനങ്ങളിൽ നിന്നും പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തുന്ന ഫണ്ട് എന്നിവയിലൂടെ കമ്പനി ധനസമാഹരണം നടത്തി വരുന്നു. തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ വിതരണവും, കമ്പനിയുടെ പ്രവർത്തനങ്ങളും സുഗമമായി നടത്തുന്നത് ലക്ഷ്യമാക്കിയാണ് കമ്പനി വിവിധ അംഗീകൃത സ്രോതസ്സുകളിൽ നിന്നും പണം സമാഹരിക്കുന്നത്. |
| (സി) | സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ 2018 മുതൽ 2021 വരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സി.എ.ജി. റിപ്പോർട്ടിലെ 2018-19 വർഷത്തിൽ ബെവ്‌കോയിൽനിന്ന് 1000 കോടി കമ്പനിക്ക് ലഭിച്ചിട്ടുണ്ടെങ്കിലും വിവരങ്ങളോ വിശദീകരണങ്ങളോ ഇല്ലാത്തതിനാൽ ഇടപാടുകൾ | (സി) | സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ 2018-2021 കാലയളവിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സി.എ.ജി. കമ്പനിയിൽ നടത്തിയ പരിശോധനാ വേളയിൽ ബെവ്‌കോയിൽനിന്ന് പ്രസ്തുത ലോൺ കമ്പനിക്ക് അനുവദിച്ചതായുള്ള |

| | | | |
|---|---|---|---|
| | പരിശോധിക്കാനായിട്ടില്ല എന്ന കണ്ടെത്തൽ പരിശോധിച്ചിട്ടുണ്ടോ; | | കൺഫർമേഷൻ സർട്ടിഫിക്കറ്റ് സി.എ.ജി-ക്ക് ലഭ്യമാക്കിയിരുന്നു. |
| (ഡി) | ഇത്തരം ഗുരുതരമായ കണ്ടെത്തലുകളിൽ സർക്കാർ അന്വേഷണം നടത്തുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | സാമൂഹിക സുരക്ഷാ പെൻഷൻ കമ്പനിയുടെ 2018-2021 കാലയളവിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സി.എ.ജി. കമ്പനിയിൽ നടത്തിയ പരിശോധനാ വേളയിൽ ബെവ്കോയിൽനിന്ന് പ്രസ്തുത ലോൺ കമ്പനിക്ക് അനുവദിച്ചതായുള്ള കൺഫർമേഷൻ സർട്ടിഫിക്കറ്റ് സി.എ.ജി-ക്ക് ലഭ്യമാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ